ശ്രീ. കെ. ഡബ്ലിയു. മുരളീധരമാരാർ : അവിടെ ഓവർബ്രിഡ്ജ് കെട്ടാൻ വല്ല ആലോചനയുമുണ്ടോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : അങ്ങനെ ആലോചന ഇല്ല.

WRITTEN ANSWERS.

മുണ്ടകവിളവ്

*ന്യ ൮. (ന വ) സാഹിബ് ബഹദൂർ വി. ചേലാതി റാവുത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മുണ്ടകവിളവ് ഉണങ്ങിപ്പോകയാൽ തല്പള്ളി താലൂക്കിലെ ചില കർഷകർ വല്ല നിവേദനങ്ങളും ഗവണ്മെണ്ടിനു അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു എന്തു സഹായമാണ് അവർക്കു ചെയ്തുകൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതു ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) ഉണ്ട്.

(ബി) റവന്യൂ ബോർഡിൽനിന്നും ഈ സംഗതിയെ സംബന്ധിച്ചു ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതു കിട്ടിയാലുടൻ വേണ്ട നടപടികളും കൈക്കൊള്ളുന്നതാണ്.

സ്റ്റോറിന്റെ സാമൂഹ്യ സാമ്പത്തികനയം

*ന്യ ൯. (ന ന) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റോറിന്റെ സാമൂഹ്യ സാമ്പത്തികക്രമം സഹകരണത്തിൽ പുനഃസംഘടിപ്പിക്കണമെന്നതു ഈ ഗവണ്മെണ്ടിന്റേയും നയമല്ലേ ;

(ബി) അതെ, എങ്കിൽ അതിനു പറഞ്ഞിരിക്കുന്ന വിധം സഹകരണപ്രസ്ഥാനം പുനഃസംഘടിപ്പിക്കാൻ ശ്രമിക്കാത്തതു എന്തുകൊണ്ട് ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) അതെ.

(ബി) ശ്രമിക്കുന്നുണ്ട്.

സഹകരണസംഘം

*ന്യ൧൦.(ന ൭) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അറുമാടായത്തിൽനിന്നു റേഷൻകാർഡുകാർക്കു അവർ സംഘത്തിൽനിന്നു വാങ്ങിയ സാമാനത്തിന്റെ വിലത്തുക അടിസ്ഥാനമാക്കി ബോണസോ റിബേറ്റോ അനുവദിക്കുന്ന സഹകരണസംഘം തിരുവിതാംകൂർ-കൊച്ചി സ്റ്റോറിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ റേഷൻ വിതരണം നടത്തുന്ന സംഘങ്ങളിൽ എത്ര ശതമാനം വരും അവയുടെ എണ്ണം ;

(സി) ഇല്ലെങ്കിൽ റേഷൻ വിതരണം സഹകരണസംഘത്തെ ഏല്പിച്ചതുകൊണ്ടു ഉപഭോക്താക്കൾക്കുള്ള പ്രയോജനമെന്തു ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) തിരുവിതാംകൂറിൽ ഇല്ല. കൊച്ചിയിൽ ഉണ്ട്.

(ബി) ഉദ്ദേശം ൨ ൦ ശതമാനം.

(സി) വ്യാപാരികളും നടത്തുന്ന റേഷൻ പീടികകളിൽ സാധാരണയായി നടന്നുവരുന്ന കരിഞ്ചന്തവ്യാപാരം സംഘങ്ങളായാൽ വളരെ കുറഞ്ഞിരിക്കും.

വ്യവസായ ഉല്പാദനം

*ന്യ ൧. (ന വ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ രാജ്യത്തെ വ്യവസായ ഉല്പാദനം വളർത്തിക്കുവാനും വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാനും ഗവണ്മെണ്ടിന്റെ ആലോചനയിൽ എന്തെങ്കിലും പദ്ധതിയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly